(ഡി) പ്രസ്തുത വർഷങ്ങളിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എത്ര തുക വീതമാണ് ഇപ്രകാരം അനുവദിച്ചിരുന്നതെന്ന് വിശദമാക്കാമോ?

2019-20-ൽ സ്റ്റേറ്റ് കോർപ്പസ് ഫണ്ട് ഇനത്തിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ അടുവാട് കോട്ടകുന്ന് കുടിവെള്ള പദ്ധതിക്കായി 60,00,000 രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ട് ഇനത്തിൽ തുക അനുവദിച്ചിരുന്നില്ല. 2021-22 സാമ്പത്തിക വർഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഇനത്തിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

പട്ടികജാതി കോളനികളുടെ നവീകരണം

22(5469) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണ് നിലവിലുള്ളതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

അനുബന്ധമായി* ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) മുൻസർക്കാരിന്റെ ഭരണകാലത്ത് പ്രസ്തുത കോളനികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

മുൻസർക്കാരിന്റെ ഭരണകാലത്ത് വെള്ളുകുന്ന് കോളനി റോഡ് കോൺക്രീറ്റിംഗ്, മാന്നില കോളനി റോഡ് കോൺക്രീറ്റിംഗ് സംരക്ഷണഭിത്തി നിർമ്മാണം, മാറാട്ടുകളം പാലക്കുളം റോഡിന് സംരക്ഷണഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാടപ്പള്ളി ബ്ലോക്കിലെ വെള്ളുകുന്ന് കുടിവെള്ള പദ്ധതിക്കായി 52,50,000 രൂപ അനുവദിച്ചിട്ടുണ്ട്, പദ്ധതി പുരോഗമിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക കോടതികൾ

23(5470) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനെതിരെയുള്ള അതിക്രമം തടയുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്ന പ്രത്യേക കോടതികൾ ഇപ്പോൾ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനെതിരെയുള്ള അതിക്രമം തടയുന്നതിനായി 1989-ലെ പട്ടികജാതി/പട്ടികവർഗ്ഗ (അതിക്രമം തടയൽ) നിയമം പ്രകാരം നിലവിൽ 4 പ്രത്യേക കോടതികൾ വയനാട് ജില്ലയിൽ മാനന്തവാടി, മലപ്പുറം ജില്ലയിൽ മഞ്ചേരി, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്, കൊല്ലം ജില്ലയിൽ കൊട്ടാരക്കര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ പ്രസ്തുത കോടതി ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

പട്ടികജാതി വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

24(5471) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽനിന്നുള്ള ഗ്രാന്റ് അടക്കമുള്ള സാമ്പത്തിക സഹായങ്ങൾ നിലവിൽ ലഭിക്കുന്നുണ്ടോ?

2-7-2009-ലെ സ.ഉ.(അച്ചടി)നമ്പർ 50/2009/പ.ജ.പ.വ.വി.വ. പ്രകാരം സംസ്ഥാന യൂണിവേഴ്സിറ്റികളുടെയും ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടേയും ഓഫ് ക്യാമ്പസ് കോഴ്സുകൾക്ക് അംഗീകൃത ഫീസാനുകൂല്യം അനുവദിക്കുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള സാങ്കേതിക തടസ്സം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ബാധകമല്ല.

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഓൺലൈൻ പഠനസൗകര്യം

25(5472) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനസൗകര്യം

LIBRARY ARCHIVES Kerala Legislative Assembly